**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **10-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി.യുടെ ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയവിക്രയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകൃതമായ എസ്.എഫ്.സി. നിയമ പ്രകാരം വിദേശ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയ വിക്രയങ്ങൾ നടത്താനോ വിദേശ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാനോ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | എസ്.എഫ്.സി ആക്ടിൽ വിദേശ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചേഞ്ച് ക്രയ വിക്രയങ്ങൾ നടത്തുന്നതിനെ കുറിച്ചും വായ്പ എടുക്കുന്നതിനെ കുറിച്ചും പ്രത്യേകമായി പരാമർശിച്ചിട്ടില്ല. |
| (ബി) | വിദേശ സ്ഥാപനങ്ങളുമായുള്ള ഫോറിൻ എക്സ്ചെയ്ഞ്ച് ഇടപാടിൽ 2022-ൽ കെ.എഫ്.സി.ക്ക് കോടികളുടെ നഷ്ടം സംഭവിച്ചു എന്നത് വസ്തുതയാണോ; | (ബി) | വിദേശ സ്ഥാപനങ്ങളുമായി കെ.എഫ്.സി ഫോറിൻ എക്സ്ചേഞ്ച് ഇടപാടുകൾ നടത്തിയിട്ടില്ല. |
| (സി) | 2020-21, 2021-22 കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഏതൊക്കെ സ്ഥാപനങ്ങളുമായി ഫോറിൻ എക്സ്ചെയ്ഞ്ച് ക്രയ വിക്രയങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | 2020-21, 2021-22 കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും എടുത്തിട്ടുള്ള ദീർഘ കാല വായ്പ കുറഞ്ഞ പലിശ നിരക്കിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി യു.എസ് ഡോളർ അധിഷ്ഠിതമായ ഹ്രസ്വ കാല വായ്പയായി 6 മാസത്തിൽ അധികരിക്കാത്ത കാലയളവിൽ എടുത്തിട്ടുണ്ട്. ആയതിന്റെ രേഖകൾ ബാങ്കിന്റെ അനുമതിയോടു കൂടി ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ